പുനരാഖ്യാനം: **അബ്ദുല്ല പേരാമ്പ്ര**

# യാത്രയിലെ അത്താഴം

നബിതിരുമേനിയും കൂട്ടുകാരും മരുഭൂമിയിലൂടെ ഒരു ദീർഘയാത്രയിലായിരുന്നു. രാത്രി അടുക്കാറായി. അവർ ഒന്നടങ്കം മരുഭൂമിയിൽ അപൂർവമായി കണാറുള്ള ഒരു തണൽമരത്തിന്റെ ചുവടെ വിശ്രമിക്കാനിരുന്നു. അന്നു രാത്രി അത്താഴത്തിന് ഒരാടിനെ അറുക്കാൻ നബിതിരുമേനി തീരുമാനിച്ചു. അപ്പോൾ അനുചരന്മാരിൽ ഒരാൾ പറഞ്ഞു:

"ആടിനെ ഞാനറുക്കും."

മറ്റൊരാൾ ഇങ്ങനെ പറഞ്ഞു:

"ഞാനതിന്റെ തോല് പൊളിക്കാം."

മൂന്നാമൻ:

"ഞാൻ പാകം ചെയ്യും."

നാലാമൻ പറയാൻ തുടങ്ങി:

"ഞാൻ..."

അപ്പോഴേക്കും നബി കൈ ഉയർത്തി പറഞ്ഞു:

"ഞാൻ മരുഭൂമിയിൽ ചെന്ന് വിറകുകൾ ശേഖരിക്കാം."

അപ്പോൾ അനുചരന്മാർ ഒന്നടങ്കം പറഞ്ഞു:

"അല്ലയോ നബിയേ, അല്ലാഹുവിന്റെ ദൂതനായ അങ്ങ് വിറക് ശേഖരിക്കാൻ പോവുകയെന്നോ?! അങ്ങ് വിശ്രമിക്കുക. മറ്റെല്ലാ ജോലികളും ഞങ്ങൾക്ക് വിട്ടുതരിക."

അപ്പോൾ നബിതിരുമേനിയുടെ മറുമൊഴി ഇങ്ങനെയായിരുന്നു:

"എനിക്കറിയാം നിങ്ങൾ എല്ലാം ചെയ്യുമെന്ന്. പക്ഷേ, അല്ലാഹു അതിഷ്ടപ്പെടുന്നില്ല. അവന്റെ മുന്നിൽ എല്ലാവരും സമന്മാരാണ്. അടിമയും ഉടമയും എല്ലാം."

അത്രയും പറഞ്ഞ് നബിതിരുമേനി വിറക് ശേഖരിക്കാനായി മരുഭൂമിയിലേക്ക് നടന്നു.

✦





കാർബൺ ടാക്സ് ഏർപ്പെടുത്തിയ ആദ്യ രാജ്യം– ന്യൂസിലാന്റ്